| 04-02-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ബാബ നിങ്ങൾക്ക് അവിനാശിയായ ജ്ഞാനരത്നങ്ങൾ ദാനമായി നൽകുന്നു, നിങ്ങൾ പിന്നീട് മറ്റുള്ളവർക്കും ദാനം നൽകിക്കൊണ്ടിരിക്കൂ, ഈ ദാനത്തിലൂടെ സദ്ഗതി ഉണ്ടാകും.**

**ചോദ്യം-** ഏതൊരു പുതിയ വഴിയാണ് നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയാത്തത്?
**ഉത്തരം-** വീട്ടിലേയ്ക്കുള്ള വഴി അഥവാ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള വഴി ഇപ്പോഴാണ് ബാബയിലൂടെ നിങ്ങൾക്ക് ലഭിച്ചത്. നിങ്ങൾക്കറിയാം ശാന്തിധാമം നമ്മൾ ആത്മാക്കളുടെ വീടാണ്, സ്വർഗ്ഗം വേറെയാണ്, ശാന്തിധാമം വേറെയാണ്. ഈ പുതിയ വഴി നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. നിങ്ങൾ പറയുന്നു ഇപ്പോൾ കുംഭകർണ്ണ നിദ്ര അവസാനിപ്പിക്കൂ, കണ്ണ് തുറക്കൂ, പാവനമായി മാറൂ. പാവനമായേ വീട്ടിലേയ്ക്ക് പോകാൻ പറ്റൂ.

**ഗീതം-** ഉണരൂ പ്രിയതമകളേ ഉണരൂ............

**ഓം ശാന്തി**. ഭഗവാനുവാചാ. ഇത് ബാബ മനസ്സിലാക്കിത്തന്നതാണ് അതായത് മനുഷ്യനേയോ ദേവതകളേയോ ഭഗവാൻ എന്നു വിളിക്കാൻ കഴിയില്ല എന്തുകൊണ്ടെന്നാൽ ഇവർക്കെല്ലാം സാകാരരൂപമുണ്ട്. ബാക്കി പരമപിതാ പരമാത്മാവിന് ആകാരിയോ സാകാരിയോ ആയ ശരീരം ഇല്ല, അതിനാലാണ് ശിവ പരമാത്മായേ നമ: എന്നു പറയുന്നത്. ജ്ഞാനസാഗരൻ ആ ഒന്നാണ്. ഒരു മനുഷ്യനിലും ജ്ഞാനം ഉണ്ടാവുക സാധ്യമല്ല. എന്തിന്റെ ജ്ഞാനം? രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും അഥവാ ആത്മാവിന്റേയും പരമാത്മാവിന്റേയും ജ്ഞാനം ഇത് ആരിലുമില്ല. അതിനാൽ ബാബ വന്ന് ഉണർത്തുകയാണ്- അല്ലയോ പ്രിയതമകളേ, അല്ലയോ ഭക്തരേ ഉണരൂ. സ്ത്രീയും പുരുഷനും എല്ലാവരും ഭക്തരാണ്. ഭഗവാനെ ഓർമ്മിക്കുന്നു. എല്ലാ വധുക്കളും ഒരേയൊരു വരനെ ഓർമ്മിക്കുന്നു. ഇപ്പോൾ പ്രിയതമകളായ ആത്മാക്കൾ പ്രിയതമനായ പരമാത്മാവിനെ ഓർമ്മിക്കുന്നു. എല്ലാവരും സീതമാരാണ് രാമൻ ഒരേയൊരു പരമപിതാ പരമാത്മാവാണ്. രാമൻ എന്ന് എന്തുകൊണ്ടാണ് പറയുന്നത്? രാവണരാജ്യമല്ലേ. അതിനാൽ അതുമായി താരതമ്യം ചെയ്ത് രാമരാജ്യം എന്നു പറയുന്നു. ബാബയാണ് രാമൻ, ബാബയെത്തന്നെയാണ് ഭഗവാൻ, ഈശ്വരൻ എന്നെല്ലാം പറയുന്നത്. യഥാർത്ഥ നാമം ശിവൻ എന്നാണ്. അതിനാൽ ഇപ്പോൾ പറയുകയാണ് ഉണരൂ, ഇപ്പോൾ പുതിയ യുഗം വരുകയാണ്. പഴയത് അവസാനിച്ചു. ഈ മഹാഭാരതയുദ്ധത്തിനുശേഷം സത്യയുഗത്തിന്റെ സ്ഥാപനയുണ്ടാകണം മാത്രമല്ല ഈ ലക്ഷ്മീ നാരായണന്റെ രാജ്യവും ഉണ്ടാകും. പഴയ കലിയുഗം അവസാനിക്കുകയാണ് അതിനാലാണ് ബാബ പറയുന്നത്- കുട്ടികളേ- കുംഭകർണ്ണ നിദ്ര അവസാനിപ്പിക്കു. ഇപ്പോൾ കണ്ണ് തുറക്കൂ. പുതിയ ലോകം വരുകയാണ്. പുതിയ ലോകത്തെ സ്വർഗ്ഗം, സത്യയുഗം എന്നാണ് വിളിക്കുന്നത്. ഇതാണ് പുതിയ വഴി. വീട്ടിലേയ്ക്ക് അഥവാ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള ഈ വഴി ആർക്കും അറിയില്ല. സ്വർഗ്ഗം വേറെയാണ്, ആത്മാക്കൾ വസിക്കുന്ന ശാന്തിധാമം വേറെയാണ്. ഇപ്പോൾ ബാബ പറയുന്നു ഉണരൂ, നിങ്ങൾ രാവണരാജ്യത്തിൽ പതിതമായിരിക്കുന്നു. ഈ സമയത്ത് പവിത്രമായ ഒരാത്മാവെങ്കിലും ഉണ്ടാവുക സാധ്യമല്ല. പുണ്യാത്മാവ് എന്ന് വിളിക്കില്ല. മനുഷ്യർ തീർച്ചയായും ദാന പുണ്യങ്ങൾ ചെയ്യുന്നുണ്ട് പക്ഷേ പവിത്ര ആത്മാവായി ഒരാൾപോലുമില്ല. ഇവിടെ കലിയുഗത്തിൽ പതിത ആത്മാക്കളാണ്, സത്യയുഗത്തിൽ പാവന ആത്മാക്കളാണ്, അതിനാലാണ് പറയുന്നത്- അല്ലയോ ശിവബാബാ, വന്ന് ഞങ്ങളെ പാവനമായ ആത്മാവാക്കി മാറ്റു. ഇത് പവിത്രതയുടെ കാര്യമാണ്. ഈ സമയത്ത് ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് അവിനാശിയായ ജ്ഞാനരത്നങ്ങൾ ദാനം നൽകുന്നു. പറയുന്നു നിങ്ങളും മറ്റുള്ളവർക്ക് ദാനം നൽകിക്കൊണ്ടിരിക്കൂ എങ്കിൽ 5 വികാരങ്ങളുടെ ഗ്രഹണം ഇല്ലാതാകും. 5 വികാരങ്ങളുടെ ദാനം നല്കിയാൽ ദുഃഖത്തിന്റെ ഗ്രഹണത്തിൽ നിന്നും രക്ഷപ്പെടും. പവിത്രമായി മാറി സുഖധാമത്തിലേയ്ക്ക് പോകും. 5 വികാരങ്ങളിൽ നമ്പർവൺ കാമമാണ്, അതിനെ ഉപേക്ഷിച്ച് പവിത്രമാകൂ. സ്വയം പറയുന്നുണ്ട്- അല്ലയോ പതിതപാവനാ, ഞങ്ങളെ പാവനമാക്കി മാറ്റൂ. പതിതം എന്ന് വികാരികളെയാണ് പറയുന്നത്. ഈ സുഖ ദുഃഖത്തിന്റെ കളി ഭാരതത്തിനുവേണ്ടിയാണ്. ബാബ ഭാരതത്തിൽ തന്നെയാണ് വന്ന് സാധാരണ ശരീരത്തിൽ പ്രവേശിക്കുന്നത് പിന്നീട് ഇരുന്ന് ഇവരുടെ ജീവചരിത്രം കേൾപ്പിക്കുന്നു. നിങ്ങൾ എല്ലാവരും ബ്രാഹ്മണ-ബ്രാഹ്മിണിമാരാണ്, പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ. നിങ്ങൾ എല്ലാവർക്കും പവിത്രമായി മാറുന്നതിനുള്ള യുക്തി പറഞ്ഞുകൊടുക്കുന്നു. നിങ്ങൾ ബ്രഹ്മാകുമാർ കുമാരിമാർക്ക് വികാരത്തിലേയ്ക്ക് പോകാൻ സാധിക്കില്ല. നിങ്ങൾ ബ്രാഹ്മണർക്ക് ഈ ഒരു ജന്മമേയുള്ളു. ദേവതാ വർണ്ണത്തിൽ നിങ്ങൾ 20 ജന്മങ്ങൾ എടുക്കുന്നുണ്ട്, വൈശ്യ ശൂദ്രവർണ്ണങ്ങളിൽ 63 ജന്മവും. ബ്രാഹ്മണ ധർമ്മത്തിലെ ഒരേയൊരു അന്തിമ

ജന്മമാണിത്, ഇതിലാണ് പവിത്രമായി മാറേണ്ടത്. ബാബ പറയുന്നു പവിത്രമായി മാറൂ. ബാബയുടെ ഓർമ്മയിലൂടെ അഥവാ യോഗബലത്തിലൂടെ വികർമ്മങ്ങൾ വിനാശമാകും. ഈ ഒരു ജന്മം പവിത്രമാകണം. സത്യയുഗത്തിൽ പതിതമായി ആരും ഉണ്ടാകില്ല. ഇപ്പോൾ ഈ അന്തിമ ജന്മത്തിൽ പാവനമായി മാറിയാൽ 21 ജന്മം പാവനമായി മാറും. പാവനമായിരുന്നു, ഇപ്പോൾ പതിതമായിരിക്കുന്നു. പതിതമാണ് അതിനാലല്ലേ വിളിക്കുന്നത്. പതിതമാക്കി മാറ്റിയത് ആരാണ്? രാവണന്റെ ആസുരീയ മതം. എനിക്കല്ലാതെ മറ്റാർക്കും നിങ്ങൾ കുട്ടികളെ രാവണ രാജ്യത്തിൽ നിന്നും, ദുഃഖത്തിൽ നിന്നും മോചിപ്പിക്കാൻ സാധിക്കില്ല. ഇപ്പോൾ കാമചിതയിൽ ഇരുന്ന് ഭസ്മമായിരിക്കുന്നു. എനിക്ക് വന്ന് ജ്ഞാനചിതയിൽ ഇരുത്തേണ്ടി വരുന്നു. ജ്ഞാനത്തിന്റെ ജലം ഒഴിക്കേണ്ടിവരുന്നു. എല്ലാവരുടേയും സദ്ഗതി ചെയ്യണം. ആരാണോ നല്ലരീതിയിൽ പഠിപ്പ് പഠിക്കുന്നത് അവർക്കാണ് സദ്ഗതിയുണ്ടാകുന്നത്. ബാക്കിയെല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോകും. സത്യയുഗത്തിൽ ദേവീദേവതകൾ മാത്രമേ ഉണ്ടാകൂ, അവർക്കുതന്നെയാണ് സദ്ഗതി ലഭിച്ചിരിക്കുന്നത്. ബാക്കിയെല്ലാവർക്കും ഗതി അഥവാ മുക്തിയാണ് ലഭിക്കുന്നത്. 5000 വർഷങ്ങൾക്കുമുമ്പ് ആ ദേവീ ദേവന്മാരുടെ രാജ്യമുണ്ടായിരുന്നു. ലക്ഷക്കണക്കിന് വർഷത്തിന്റെ കാര്യമില്ല. ഇപ്പോൾ ബാബ പറയുന്നു മധുര മധുരമായ കുട്ടികളേ, അച്ഛനായ എന്നെ ഓർമ്മിക്കൂ. മന്മനാഭവ എന്ന വാക്ക് വളരെ പ്രസിദ്ധമാണ്. ഭഗവാന്റെ വാക്കുകളാണ്– ഒരു ദേഹധാരിയേയും ഭഗവാൻ എന്നു വിളിക്കാൻ പറ്റില്ല. ആത്മാക്കൾ ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത ശരീരം എടുക്കും. ചിലപ്പോൾ സ്ത്രീയും ചിലപ്പോൾ പുരുഷനുമാകും. ഭഗവാൻ ഒരിയ്ക്കലും ജനന മരണത്തിന്റെ കളിയിലേയ്ക്ക് വരുന്നില്ല. ഇത് ഡ്രാമ അനുസരിച്ചുള്ളതാണ്. ഒരു ജന്മത്തിന് അടുത്തതുമായി സാമ്യമുണ്ടാകില്ല. പിന്നീട് നിങ്ങളുടെ ഈ ജന്മം ആവർത്തിക്കുമ്പോൾ ഇതേ ആക്ട്, ഇതേ രൂപം വീണ്ടും എടുക്കും. ഈ ഡ്രാമ അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. ഇതിനെ മാറ്റാൻ പറ്റില്ല. ശ്രീകൃഷ്ണന് സത്യയുഗത്തിൽ ഏത് ശരീരമാണോ ഉണ്ടായിരുന്നത് അത് വീണ്ടും അവിടെ ലഭിക്കും. ആ ആത്മാവ് ഇപ്പോൾ ഇവിടെയാണ്. നിങ്ങൾക്ക് ഇപ്പോൾ അറിയാം നമ്മൾ അതുപോലെയായി മാറും. ഈ ലക്ഷ്മീ നാരായണന്മാരുടെ രൂപം കൃത്യമൊന്നുമല്ല. വീണ്ടും അതേപോലെയാവും. ഈ കാര്യങ്ങൾ പുതിയവർക്ക് ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നല്ലരീതിയിൽ എപ്പോഴെങ്കിലും ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുത്താൽ 84 ജന്മങ്ങളുടെ ചക്രത്തെ അറിയും പിന്നീട് മനസ്സിലാക്കും ഓരോ ജന്മത്തിലും നാമം, രൂപം, വിശേഷതകൾ എല്ലാം തീർച്ചയായും വേറെ വേറെയായിരിക്കും. ഇപ്പോൾ ബ്രഹ്മാബാബയുടെ 84–ാം ജന്മത്തിലെ വിശേഷത ഇതാണ് അതിനാൽ നാരായണന്റെ വിശേഷത ഏതാണ്ട് ഇങ്ങനെ കാണിക്കുന്നു. ഇല്ലെങ്കിൽ മനുഷ്യർ മനസ്സിലാക്കില്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം– മമ്മാ–ബാബ തന്നെയാണ് ഈ ലക്ഷ്മീ നാരായണന്മാരായി മാറുന്നത്. ഇവിടെ 5 തത്വങ്ങൾ പവിത്രമല്ല. ഈ ശരീരം മുഴുവൻ പതിതമാണ്. സത്യയുഗത്തിൽ ശരീരവും പവിത്രമായിരിക്കും. കൃഷ്ണനെ അതിസുന്ദരൻ എന്നാണ് പറയുന്നത്. പ്രകൃതിദത്തമായ സൗന്ദര്യമായിരിക്കും. ഇവിടെ വിദേശത്ത് വെളുത്ത മനുഷ്യരുണ്ട് പക്ഷേ അവരെ ദേവത എന്നു വിളിക്കുമോ. ദൈവീക ഗുണങ്ങൾ ഇല്ലല്ലോ. അതിനാൽ ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ഇതാണ് ഉയർന്നതിലും ഉയർന്ന പഠിപ്പ്, ഇതിലൂടെ നിങ്ങളുടെ എത്ര വലിയ സമ്പാദ്യമാണ് ഉണ്ടാകുന്നത്. അളവില്ലാത്തത്ര വജ്രങ്ങളും, രത്നങ്ങളും ധനവും ഉണ്ടാകും. അവിടെ വജ്രവും രത്നവും കൊണ്ടുള്ള കൊട്ടാരങ്ങളാണുണ്ടായിരുന്നത്. ഇപ്പോൾ അതെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. എങ്കിൽ നിങ്ങൾ എത്ര വലിയ ധനവാനായാണ് മാറുന്നത്. അപരം അപാരമായ സമ്പാദ്യമാണ് 21 ജന്മങ്ങളിലേയ്ക്ക്, ഇതിൽ വളരെ അധികം പരിശ്രമം ആവശ്യമാണ്. ദേഹീ അഭിമാനിയായി മാറണം, ഞാൻ ആത്മാവാണ്, ഈ പഴയ ശരീരം ഉപേക്ഷിച്ച് തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ബാബ ഇപ്പോൾ കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. നമ്മൾ ആത്മാക്കൾ ഇപ്പോൾ 84 ജന്മം പൂർത്തിയാക്കിയിരിക്കുന്നു, ഇപ്പോൾ വീണ്ടും പാവനമായി മാറണം, ബാബയെ ഓർമ്മിക്കണം. ഇല്ലെങ്കിൽ ഇത് കണക്കെടുപ്പിന്റെ സമയമാണ്. ശിക്ഷകൾ അനുഭവിച്ച് തിരിച്ച് പോകേണ്ടി വരും. കണക്കുവഴക്കുകൾ എല്ലാവർക്കും തീർപ്പാക്കുക തന്നെ വേണം. ഭക്തിമാർഗ്ഗത്തിൽ കാശി കൽവർട്ടിൽ പോയി ബലിയായതുകൊണ്ട് ആർക്കും മുക്തി ലഭിക്കുന്നില്ല. അത് ഭക്തിമാർഗ്ഗമാണ്, ഇത് ജ്ഞാനമാർഗ്ഗവും. ഇവിടെ ശരീരഹത്യ ചെയ്യേണ്ട ആവശ്യമില്ല. അത് ശരീരഹത്യയാണ്. എങ്കിലും മുക്തി നേടണം എന്ന ഭാവനവെയ്ക്കുന്നു അതിനാൽ പാപങ്ങളുടെ കണക്കുവഴക്കുകൾ അവസാനിക്കുന്നു എന്നിട്ട് വീണ്ടും ആരംഭിക്കുന്നു. ഇപ്പോൾ വിരളം പേരെ കാശി കൽവെട്ടിലെ സാഹസം ചെയ്യുന്നുള്ളു. അല്ലാതെ മുക്തിയും ജിവന്മുക്തിയും ലഭിക്കുകയില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും ജീവന്മുക്തി നൽകാൻ സാധിക്കില്ല. ആത്മാക്കൾ വന്നുകൊണ്ടേയിരിക്കുന്നു പിന്നെ എങ്ങനെ തിരിച്ച് പോകും? ബാബ തന്നെ വന്ന് സർവ്വരുടേയും സദ്ഗതി ചെയ്ത് തിരികെക്കൊണ്ടുപോകും. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ആത്മാവിന് ഒരിയ്ക്കലും വിനാശം ഉണ്ടാകില്ല. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. സത്യയുഗത്തിൽ ആയുസ്സ് കൂടുതലായിരിക്കും. ദുഃഖത്തിന്റെ കാര്യമുണ്ടാകില്ല. മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ സമയം

പൂർത്തിയായിരിക്കുന്നു, ഈ ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. നിങ്ങൾ കുട്ടികൾ ഈ ശരീരത്തിൽ നിന്നും വേറിടുന്ന ശീലം ഇവിടെത്തന്നെ ഉണ്ടാക്കണം. നാം ആത്മാക്കളാണ്, ഇപ്പോൾ നമുക്ക് വീട്ടിലേയ്ക്ക് പോകണം പിന്നീട് പുതിയ ലോകത്തിലേയ്ക്ക് വരും, പുതിയ ശരീരം എടുക്കും, ഈ അഭ്യാസം ചെയ്യൂ. നിങ്ങൾക്ക് അറിയാം ആത്മാവ് 84 ജന്മം എടുക്കും. മനുഷ്യർ പിന്നീട് 84 ലക്ഷം എന്നു പറഞ്ഞു. ബാബയെയാണെങ്കിൽ എണ്ണമറ്റ അത്രയും കല്ലിലും മുള്ളിലും ഉണ്ടെന്നു പറഞ്ഞു. ഇതിനെയാണ് ധർമ്മത്തിന്റെ ഗ്ലാനി എന്നു പറയുന്നത്. മനുഷ്യൻ ശുദ്ധമായ ബുദ്ധിയിൽ നിന്നും തീർത്തും തുച്ഛമായി മാറി. ഇപ്പോൾ ബാബ നിങ്ങളെ ശുദ്ധമായ ബുദ്ധിയുള്ളവരാക്കി മാറ്റുന്നു. ശുദ്ധമാകുന്നത് ഓർമ്മയിലൂടെയാണ്. ബാബ പറയുന്നു ഇപ്പോൾ പുതിയ യുഗം വരുകയാണ്, അതിന്റെ അടയാളം ഈ മഹാഭാരതയുദ്ധമാണ്. ഇത് അതേ മിസൈലുകൾ കൊണ്ടുള്ള യുദ്ധമാണ്, ഇതിലൂടെയാണ് അനേകം ധർമ്മങ്ങളുടെ വിനാശവും, ഒരു ധർമ്മത്തിന്റെ സ്ഥാപനയും ഉണ്ടായത്, എങ്കിൽ തീർച്ചയായും ഭഗവാൻ ഉണ്ടാകില്ലേ. കൃഷ്ണന് എങ്ങനെ ഇവിടെ വരാൻ കഴിയും? ജ്ഞാനത്തിന്റെ സാഗരം നിരാകാരനാണോ അതോ കൃഷ്ണനാണോ? കൃഷ്ണന് ഈ ജ്ഞാനമേയില്ല. ഈ ജ്ഞാനം തന്നെ അപ്രത്യക്ഷമാവും. പിന്നീട് നിങ്ങളുടെതന്നെ ചിത്രം ഭക്തിമാർഗ്ഗത്തിൽ ഉണ്ടാക്കും. നിങ്ങൾ പൂജ്യർ തന്നെ പൂജാരിയായി മാറുന്നു, കല കുറയുന്നു. ആയുസ്സും കുറയുന്നു എന്തെന്നാൽ ഭോഗിയായി മാറുന്നു. അവിടെ യോഗികളാണ്. ആരുടെയെങ്കിലും ഓർമ്മയിൽ യോഗം വെയ്ക്കുന്നു എന്നല്ല. അവിടെ പവിത്രമാണ്. കൃഷ്ണനേയും യോഗേശ്വരൻ എന്നു പറയാറുണ്ട്. ഈ സമയത്ത് കൃഷ്ണന്റെ ആത്മാവ് ബാബയുമായി യോഗം വെയ്ക്കുകയാണ്. കൃഷ്ണന്റെ ആത്മാവ് ഈ സമയം യോഗേശ്വരനാണ്, സത്യയുഗത്തിൽ യോഗേശ്വരൻ എന്നു പറയില്ല. അവിടെ രാജകുമാരനാണ്. അതിനാൽ അവസാന സമയത്ത് നിങ്ങളുടെ അവസ്ഥ ഇങ്ങനെയുള്ളതായിരിക്കണം അപ്പോൾ ബാബയെ അല്ലാതെ മറ്റാരെയും ഓർമ്മവരരുത്. ശരീരത്തോടും പഴയ ലോകത്തോടുമുള്ള മമത്വം ഇല്ലാതാവണം. സന്യാസിമാർ വസിക്കുന്നത് പഴയ ലോകത്തിൽ തന്നെയാണ് പക്ഷേ വീടിനോടുള്ള മമത്വം ഇല്ലാതായിട്ടുണ്ടാകും. ബ്രഹ്മത്തെ ഈശ്വരൻ എന്ന് കരുതി അതുമായി യോഗം വെയ്ക്കുന്നു. സ്വയം ബ്രഹ്മജ്ഞാനിയാണ്, തത്വജ്ഞാനിയാണ് എന്ന് കരുതുന്നു. ഞങ്ങൾ ബ്രഹ്മത്തിൽ ലയിക്കും എന്നു കരുതുന്നു. ബാബ പറയുന്നു ഇതെല്ലാം തെറ്റാണ്. ശരി ഞാനാണ്, എന്നെത്തന്നെയാണ് സത്യം എന്ന് പറയുന്നത്.

അതിനാൽ ബാബ പറയുന്നു ഓർമ്മയുടെ യാത്ര വളരെ പക്കയായിരിക്കണം. ജ്ഞാനം വളരെ സഹജമാണ്. ദേഹീ അഭിമാനിയാകുന്നതിലാണ് പരിശ്രമം. ബാബ പറയുന്നു ആരുടേയും ദേഹം ഓർമ്മ വരരുത്, ഇത് ഭുതങ്ങളുടെ ഓർമ്മയാണ്, ഭൂത പൂജയാണ്. ഞാനാണെങ്കിൽ അശരീരിയാണ്, നിങ്ങൾക്ക് ഓർമ്മിക്കേണ്ടത് എന്നെയാണ്. ഈ കണ്ണുകൾകൊണ്ട് കണ്ടുകൊണ്ടും ബുദ്ധികൊണ്ട് എന്നെ ഓർമ്മിക്കൂ. ബാബയുടെ നിർദ്ദേശങ്ങളിലൂടെ നടക്കൂ എങ്കിൽ ധർമ്മരാജന്റെ ശിക്ഷകളിൽ നിന്നും രക്ഷപ്പെടും. പാവനമായി മാറിയാൽ ശിക്ഷകൾ അവസാനിക്കും, വളരെ വലിയ ലക്ഷ്യമാണ്. പ്രജയായി മാറുക സഹജമാണ്, അതിലും ധനവാനായ പ്രജ, ദരിദ്രനായ പ്രജ ആര് ആരെല്ലാം ആവും, എന്നതെല്ലാം മനസ്സിലാക്കിത്തരുകയാണ്. അവസാനം നിങ്ങളുടെ ബുദ്ധിയുടെ യോഗം ബാബയോടും വീടിനോടുമായിരിക്കണം. എങ്ങനെയാണോ അഭിനേതാക്കളുടെ നാടകത്തിലെ പാർട്ട് പൂർത്തിയായാൽ അവരുടെ ബുദ്ധി വീട്ടിലേയ്ക്ക് പോകുന്നത്. ഇത് പരിധിയില്ലാത്ത കാര്യമാണ്. അത് പരിധിയുള്ള സമ്പാദ്യമാണ്, എന്നാൽ ഇത് പരിധിയില്ലാത്ത സമ്പാദ്യമാണ്. നല്ല അഭിനേതാക്കളുടെ സമ്പാദ്യവും കൂടുതലായിരിക്കും. അതിനാൽ ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ബുദ്ധിയോഗം അവിടെ വെയ്ക്കണം. ആ പ്രിയതമൻ-പ്രിയതമ ഒരാൾ മറ്റൊരാളായുമാണ്. ഇവിടെ എല്ലാവരും പ്രിയതമകളാണ് ഒരേയൊരു പ്രിയതമന്റെ. അവരെത്തന്നെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. അത്ഭുതകരമായ സഞ്ചാരിയല്ലേ. ഈ സമയത്ത് വന്നിരിക്കുന്നത് എല്ലാവരേയും ദുഃഖത്തിൽ നിന്നും മുക്തമാക്കി സദ്ഗതിയിലേയ്ക്ക് കൊണ്ടുപോകാനാണ്. ബാബയെയാണ് സത്യം സത്യമായ പ്രിയതമൻ എന്നു പറയുന്നത്. അവർ പരസ്പരം ശരീരത്തെയാണ് സ്നേഹിക്കുന്നത്, വികാരത്തിന്റെ കാര്യമില്ല. അതിനെ ദേഹാഭിമാനത്തിലുള്ള യോഗം എന്നാണ് പറയുക. അത് ഭുതങ്ങളുടെ യോഗമാണ്. മനുഷ്യനെ ഓർമ്മിക്കുക അർത്ഥം 5 ഭൂതങ്ങളെ, പ്രകൃതിയെ ഓർമ്മിക്കുക. ബാബ പറയുന്നു പ്രകൃതിയെ മറന്ന് എന്നെ ഓർമ്മിക്കൂ. പരിശ്രമമല്ലേ പിന്നെ ദൈവീക ഗുണങ്ങളും വേണം. ആരോടെങ്കിലും പ്രതികാരം ചെയ്യുക, ഇതും അവഗുണമാണ്. സത്യയുഗത്തിൽ ഒരു ധർമ്മമേയുണ്ടാകൂ, മറ്റൊന്നിന്റെ കാര്യമേയില്ല. അത് അദ്വൈത ദേവതാ ധർമ്മമാണ് അത് ശിവബാബയ്ക്കല്ലാതെ മറ്റാർക്കും സ്ഥാപിക്കാൻ സാധിക്കില്ല. സൂക്ഷ്മവതനവാസി ദേവതകളെയാണ് ഫരിസ്ത എന്നു പറയുന്നത്. നിങ്ങൾ ഈ സമയത്ത് ബ്രാഹ്മണരാണ് പിന്നീട് ഫരിസ്തയാകും. പിന്നീട് വീട്ടിലേയ്ക്ക് തിരിച്ചുപോകും എന്നിട്ട് പുതിയ ലോകത്തിൽ വന്ന് ദൈവീക ഗുണങ്ങൾ നിറഞ്ഞ മനുഷ്യൻ അഥവാ ദേവതയാകും. ഇപ്പോൾ ശൂദ്രനിൽ നിന്നും ദേവതയാവുകയാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനമായി മാറിയില്ലെങ്കിൽ പിന്നെങ്ങിനെ സമ്പത്ത്

എടുക്കും. പ്രജാപിതാ ബ്രഹ്മാവും മമ്മയും അവിടെ പിന്നീട് ലക്ഷ്മീ നാരായണനായി മാറും. നോക്കൂ ഇപ്പോൾ നിങ്ങളോട് ജൈന ധർമ്മത്തിലുള്ളവർ പറയാറുണ്ട് ഞങ്ങളുടെ ജൈനധർമ്മം ഏറ്റവും പഴയ താണ്. ഇപ്പോൾ വാസ്തവത്തിൽ മഹാവീരൻ എന്ന് ആദിദേവനായ ബ്രഹ്മാവിനെത്തന്നെയാണ് പറയുക. ബ്രഹ്മാവുതന്നെയാണ്, പക്ഷേ ഏതോ ജൈനമുനി വന്നപ്പോൾ മഹാവീരൻ എന്നുപേരുവെച്ചു. ഇപ്പോൾ നിങ്ങൾ എല്ലാവരും മഹാവീരന്മാരല്ലേ. മായയുടെമേൽ വിജയം നേടുകയാണ്. നിങ്ങൾ എല്ലാവരും സമർത്ഥ രായി മാറുകയാണ്. സത്യം സത്യമായ മഹാവീരന്മാരും മഹാവീരണികളും നിങ്ങളാണ്. നിങ്ങളുടെ പേര് ശിവശക്തികൾ എന്നാണ്, സിംഹത്തിനുമേൽ സവാരി ചെയ്യുന്നവരാണ് പിന്നെ മഹാരഥികൾ ആനപ്പു റത്ത് സവാരി ചെയ്യുന്നവരാണ്. എന്നിട്ടും ബാബ പറയുന്നു വളരെ ഉയർന്ന ലക്ഷ്യമാണ്. ഒരു ബാബയെ മാത്രം ഓർമ്മിക്കണം എങ്കിൽ വികർമ്മം വിനാശമാകും, മറ്റൊരു വഴിയുമില്ല. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിനുമേൽ രാജ്യം ഭരിക്കുന്നു. ആത്മാവ് പറയുന്നു, ഇപ്പോൾ എനിക്ക് വീട്ടിലേയ്ക്ക് പോകണം, ഇത് പഴയ ലോകമാണ്, ഇതാണ് പരിധിയില്ലാത്ത സന്യാസം. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും പവിത്രമായിരിക്കണം ഒപ്പം ചക്രത്തെ മനസ്സിലാക്കുന്നതിലൂടെ ചക്രവർത്തീ രാജാവായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ധർമ്മരാജന്റെ ശിക്ഷകളിൽ നിന്നും രക്ഷപ്പെടുന്നതിനായി ആരുടേയും ദേഹത്തെ ഓർമ്മിക്കാതിരിക്കൂ, ഈ കണ്ണുകൾകൊണ്ട് എല്ലാം കണ്ടുകൊണ്ടും ഒരു ബാബയെ ഓർമ്മിക്കണം, അശരീരിയാവുന്നതിനുള്ള അഭ്യാസം ചെയ്യണം. പാവനമായി മാറണം.

2) മുക്തിയുടേയും ജീവന്മുക്തിയുടേയും വഴി എല്ലാവർക്കും പറഞ്ഞുകൊടുക്കണം. ഇപ്പോൾ നാടകം പൂർത്തിയായി, വീട്ടിലേയ്ക്ക് പോകണം- ഈ സ്മൃതിയിലൂടെ പരിധിയില്ലാത്ത സമ്പാദ്യം ശേഖരിക്കണം.

## വരദാനം:- ഒരു ക്ഷണനേരത്തെ കളിയിലൂടെ മുഴുവൻ കൽപ്പത്തേക്കും ഭാഗ്യം ഉണ്ടാക്കുന്ന ശ്രേഷ്ഠ ഭാഗ്യശാലിയായി ഭവിക്കട്ടെ.

ഈ സംഗമസമയത്തിന് വരദാനം ലഭിച്ചിട്ടുണ്ട് എന്ത് ആഗ്രഹിക്കുന്നുവോ, എങ്ങനെ ആഗ്രഹിക്കുന്നുവോ, എത്ര ആഗ്രഹിക്കുന്നുവോ അത്രയും ഭാഗ്യം ഉണ്ടാക്കാൻ സാധിക്കും, എന്തുകൊണ്ടെന്നാൽ ഭാഗ്യവിധാതാവായ ബാബ ഭാഗ്യം ഉണ്ടാക്കാനുള്ള താക്കോൽ കുട്ടികളുടെ കൈയ്യിൽ തന്നിട്ടുണ്ട്. അവസാനത്തെയാൾക്ക് പോലും ഫാസ്റ്റായി പോയാൽ ഫസ്റ്റിൽ വരാൻ സാധിക്കുന്നു. കേവലം സേവനങ്ങളുടെ വിസ്താരത്തിൽ സ്വയത്തിന്റെ സ്ഥിതി സെക്കന്റിനുള്ളിൽ സാരസ്വരൂപമാക്കാനുള്ള അഭ്യാസം ചെയ്യൂ. ഒരു സെക്കന്റിനുള്ളിൽ മാസ്റ്റർ ബീജരൂപമാകൂ എന്ന് ഇപ്പോഴിപ്പോൾ നിർദ്ദേശം ലഭിച്ചുവെങ്കിൽ അതിന് സമയമെടുക്കരുത്. ഈ ഒരു സെക്കന്റിന്റെ കളിയിലൂടെ മുഴുവൻ കല്പത്തേക്കുള്ള ഭാഗ്യം ഉണ്ടാക്കാൻ കഴിയും.

## സ്ലോഗൻ:- ഡബിൾ സേവനത്തിലൂടെ ശക്തിശാലിയായ വായുമണ്ഡലം സൃഷ്ടിക്കൂ എങ്കിൽ പ്രകൃതി ദാസിയായി മാറും.

**അവ്യക്ത സൂചനകൾ- ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വായത്തമാക്കൂ.**

അനേക വൃക്ഷങ്ങളുടെ ശാഖകൾ ഇപ്പോൾ ഒറ്റ ചന്ദനത്തിന്റെ വൃക്ഷമായിരിക്കുന്നു. ലോകർ പറയുന്നു-രണ്ട്-നാല് മാതാക്കൾക്ക് പോലും ഒരുമിച്ചിരിക്കാൻ സാധിക്കില്ല എന്ന്, എന്നാൽ ഇപ്പോൾ മാതാക്കൾ മുഴുവൻ വിശ്വത്തിലും ഏകത സ്ഥാപിക്കുന്നതിന് നിമിത്തമാണ്. മാതാക്കൾ തന്നെയാണ് ഭിന്നതയിൽ നിന്ന് ഏകത കൊണ്ടുവന്നത്. ദേശം ഭിന്നമാണ്, ഭാഷ ഭിന്ന-ഭിന്നമാണ്, സംസ്കാരം ഭിന്ന-ഭിന്നമാണ് പക്ഷെ താങ്കൾ ആൾക്കാർ ഭിന്നതയെ ഏകതയിലേക്ക് കൊണ്ടുവന്നു.